**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4762** **11-08-2021 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി.യുടെ പ്രവർത്തനം യു.പി.എസ്.സി.യുടെ മാതൃകയിൽ ആക്കണമെന്ന നിർദ്ദേശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ . എൻ . ഷംസുദീൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പി.എസ്.സി.യുടെ പ്രവർത്തനം യു.പി.എസ്.സി.യുടെ മാതൃകയിൽ ക്രമീകരിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | യു.പി.എസ്.സി. യേക്കാൾ കൂടുതൽ പരീക്ഷകളും തസ്തികകളും കൈകാര്യം ചെയ്യേണ്ടി വരുന്നതിനാലും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ പരീക്ഷാ കേന്ദ്രങ്ങൾക്കായി ആശ്രയിക്കേണ്ടി വരുന്നതിനാലും വാർഷിക പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല. |
| (ബി) | പി.എസ്.സി. പരീക്ഷകൾക്ക് വാർഷിക കലണ്ടർ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ; | (ബി) | യു.പി.എസ്.സി. യേക്കാൾ കൂടുതൽ പരീക്ഷകളും തസ്തികകളും കൈകാര്യം ചെയ്യേണ്ടി വരുന്നതിനാലും, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ പരീക്ഷാ കേന്ദ്രങ്ങൾക്കായി ആശ്രയിക്കേണ്ടി വരുന്നതിനാലും വാർഷിക പരീക്ഷാ കലണ്ടർ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊണ്ടിട്ടില്ല. |
| (സി) | റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ നിയമനം ആവശ്യമില്ലാത്തവർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും പിന്മാറുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ ലഘൂകരിക്കണമെന്ന ആവശ്യത്തിന്മേൽ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ? | (സി) | കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റുകളിൽ പേര് ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥിക്ക് കേരള പബ്ലിക് സർവീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീഡ്യറിലെ ചട്ടം 18(ii) ലെ വ്യവസ്ഥകൾക്ക് വിധേയമായി തന്റെ നിയമനത്തിനായുള്ള അവകാശം പരിത്യജിക്കാവുന്നതാണ്. ആയതിന് സമർപ്പിക്കുന്ന അപേക്ഷയിലെ ടിയാന്റെ പേര്/മേൽവിലാസം, ഒപ്പ് എന്നിവ കേന്ദ്ര/സംസ്ഥാന സർവീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്. പരിത്യജിക്കലിനായി ഗസ്റ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ അപേക്ഷയോടൊപ്പം നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ Affidavit, അപേക്ഷകന്റെ ഫോട്ടോയുള്ള ID proof ന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് പതിനഞ്ച് ദിവസത്തിനകം സമർപ്പിക്കുന്ന അപേക്ഷകളും പതിനഞ്ച് ദിവസം |

| | | | |
|---|---|---|---|
| | | | കഴിഞ്ഞാണെങ്കിൽ അപേക്ഷകൻ ഉൾപ്പെടാൻ സാദ്ധ്യതയുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതിന് മുൻപ് സമർപ്പിക്കപ്പെടുന്ന അപേക്ഷകളും പരിത്യജിക്കലിനായി പരിഗണിക്കുന്നതാണ്. പരിത്യജിക്കൽ സംബന്ധിച്ച് നിലവിലെ വ്യവസ്ഥകൾ ലഘൂകരിക്കുന്നത് സംബന്ധിച്ച് തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ